# ഉഴവൂരിന്റെ ടൂറിസ സാധ്യതകൾ.

ഷാജി കുരുവിള, അമ്പേനാട്ട് ഉഴവൂർ.



ജോസഫ് ചാഴികാടനിലൂടെയും, കെ.ആർ. നാരായണനിലൂടെയും, ഇ.ജെ. ലൂക്കോസ് എക്സ്.എം.എൽ.യിലൂടെയും, ദേശീയ ഷൂട്ടിംഗ് കോച്ച് ദ്രോണാചാര്യ സണ്ണി തോമസിലൂടെയും, കേരള ബെസ്ററ് ഫുട്ബോളർ അവാർഡിനർഹനായ ജസ്ററിൻ സ്ററീഫനിലൂടെയും സർവ്വോപരി ഉഴവൂർ സെന്റ് സ്ററീഫൻസ് പള്ളിയിലൂടെയും അനുബന്ധ സ്ഥാപനങ്ങളിലൂടെയും പ്രശസ്തിയാർജിച്ച ഉഴവൂരിൽ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ പ്രയോജനപെടുത്തുന്നതിന് നാളിതുവരെ നാടുഭരിച്ചവർക്കാർക്കും കഴിഞ്ഞില്ല. എന്നാൽ ഇന്ന് ബഹുമാനപെട്ട പി.എൽ. അബ്രാഹത്തിന്റെ നേതൃത്വത്തിലുള്ള ഉഴവൂർ പഞ്ചായത്ത് ഭരണസമിതിയെ ജനങ്ങൾ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. അദേഹത്തിന്റെ ദീർഘ വീഷണങ്ങളിലൂന്നിയുള്ള വികസന സ്വപ്നങ്ങളിൽ ഉഴവൂരിന്റെ ടൂറിസ വികസനവും ഉണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.

## ആനക്കല്ലുംമല.

സർവ്വേശ്വരൻ കനിഞ്ഞനുഗ്രഹിച്ച പ്രകൃതി ഭംഗിയുള്ള ഒരു സുന്ദര പ്രദേശമാണ് ആനക്കല്ലും മലയും അതിന്റെ സമീപ പ്രദേശങ്ങളും. ഉദയാസ്മയങ്ങളുടെ ദൃശ്യ ചാരുത ആസ്വദിക്കാൻ ഇത്രയും മനോഹരമായ ഒരു പ്രദേശം ഉഴവൂരിലില്ല. പണ്ട് നമ്മിൽ പലരും സ്കൂളിലും പ്ലസ് ടുവിലും കോളേജിലും മററും പഠിച്ചുകൊണ്ടിരുന്ന വേളയിൽ അവധി ദിനങ്ങളിലും മററും ഇവിടെ പോയി പ്രകൃതി ഭംഗി ആസ്വദിച്ചിട്ടുള്ളവരാണ്. എന്നാൽ ഇന്നത്തെ വിദ്യാർത്ഥികൾ അത്രകണ്ട് ഈ പ്രദേശത്തേക്ക് പോകുന്നതിന് തയ്യാറാകുന്നതായി തോന്നുന്നില്ല. പഴഞ്ചൊല്ലുകളിൽ പറയുംപോലെ മുററത്തെ മുല്ലക്ക് മണമില്ല. അതിനു പകരം നാം പലരും വാഗമണ്ണിലും മററും പോയി വിനോദയാത്ര നടത്തുന്നു.

## അവിടെ നടത്താവുന്ന വികസനങ്ങൾ

നെടുംമ്പാറയിലും ആനക്കലും മലയുടെയും ഇടയിലുള്ള ചെറിയ രണ്ടു മലകളെ ബന്ധിപ്പിച്ചുകൊണ്ട് റോപ്‌വേ നിർമ്മിച്ച് ടൂറിസ്ററുകളെ ആകർഷിക്കാൻ പററും റോപ്‌വേയുടെ നിർമ്മാണം ഏതെങ്കിലും ടൂറിസം ഡവലപ്മെന്റ് ഏജൻസികളെക്കൊണ്ടോ സ്വകാര്യ നിക്ഷേപകരെക്കൊണ്ടോ നടത്താവുന്നതാണ്. ഇവിടെ ലഭിക്കുന്ന ചെറിയ ഒരു വിഹിതം പഞ്ചായത്തിനും വലിയ ഭാഗം നിക്ഷേപകനും എടുക്കാവുന്ന വിധത്തിൽ വിഭാവനം ചെയ്യാവുന്നതാണ്.

ആനക്കലും മലയുടെ വിടവിലൂടെ ഒരാളിന് കഷ്ടിച്ച് കടന്നുപോകാവുന്ന ഒരു ചെറിയ വിടവുണ്ട് ഇതിലൂടെ കടന്നു ചെന്നാൽ ഇന്ന് മനോഹരമായ ഒരു സൂയിസൈഡൽ പോയിന്റ് കാണാൻ സാധിക്കും.

ഏറുമാടം വലിയ ഏതെങ്കിലും മരത്തിൽ ഉണ്ടാക്കിയാൽ അതിൽ കയറുന്നതിനും അവിടെ നിന്ന് സൈററ് സീയിംഗിനും സൗകര്യം ചെയ്യാം.

നെടുംമ്പാറയിൽ വിവിധ ആകൃതിയിലുള്ള പാറക്കല്ലുകൾ യഥേഷ്ടം പോലെയുണ്ട് അവയുടെ നാച്ചുറാലിററിക്ക് കോട്ടം വരുത്താതെ അവയും കാഴ്ച്ചക്കാർക്ക് ഇമ്പകരമാകാവുന്ന വിധത്തിൽ സെററ് ചെയ്യുക.

## പാർക്ക്

അവിടെയുള്ള പുറംമ്പോക്കു ഭൂമി മനോഹരമായി സെററ് ചെയത് കുട്ടികൾക്കും മുതിർന്നവർക്കും വൈകുന്നേരങ്ങളിൽ ചെലവിടുന്നതിനായി ഒരു പാർക്ക് സ്ഥാപിക്കുക. ഊഞ്ഞാൽ, കുട്ടികളുടെ ട്രെയിൻ, സീസോ, സ്ലൈഡർ, ക്ലൈംബർ, മെറിഗോ റൗണ്ട്....... ഇവയിലെ പ്രവേശനത്തിനും ചെറിയ ഒരു ഫീസ് വാങ്ങാവുന്നതാണ്. ചെറിയ ഒരു കോഫീസ്നാക്സ് ഷോപ്പ് ഇതിനോട് ചേർന്ന് താമസിക്കുന്ന ഏതെങ്കിലും ഒരു വീട്ടമ്മക്ക് തുടങ്ങാവുന്നതാണ്. കൂടുതൽ ടൂറിസ്ററുകൾ എത്തിയാൽ അവർക്കുള്ള ഭക്ഷണത്തിനുള്ള സൗകര്യങ്ങൾക്കായി വീട്ടിലൂണ് പോലുള്ളവയിലൂടെ സ്വയം തൊഴിൽ നേടാൻ ചിലർക്കെങ്കിലും സാധിക്കും.

## ഭക്തി ടൂറിസം

വിശ്വാസികൾ വിശ്വാസത്തോടെ നോക്കിയാൽ കാണാവുന്ന മാതാവിന്റെ ആകൃതിയുള്ള ഒരു വെള്ളക്കെട്ട് നെടുംമ്പാറയിലുണ്ട്. ഇടിമാം കുഴി വെള്ളച്ചാട്ടം ഇതിനു സമീപമുണ്ട്.

ആനക്കലും മലയെ സംബന്ധിച്ച് ശാസ്താംകുളം ക്ഷേത്രവുമായി ബന്ധപെട്ട് ചില ഐതിഹ്യങ്ങൾ നിലനിൽക്കുന്നുണ്ട്. ഇതുമായി ബന്ധപെട്ട് ക്ഷേത്രക്കമ്മിററികളുമായി ആലോചിച്ച് ഭക്തി ടൂറിസത്തിന്റെ സാധ്യതകളും ഉപയോഗപെടുത്തേണ്ടതാണ്. ഇതേ രീതിയിൽ ഉഴവൂർ പള്ളിയുമായി ആലൊചിച്ച് കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളും മററും നെടുംമ്പാറയിൽ സ്ഥാപിച്ചാൽ അത്തരത്തിലുള്ള ചില ടൂറിസ സാധ്യതകളേയും ഉപയോഗപെടുത്താം.

ഉഴവൂർ ടൗണിൽ ഒരു 3 സ്ററാർ ഹോട്ടൽ സ്ഥാപിക്കാൻ സ്വകാര്യ നിക്ഷേപകർക്ക് സാധിക്കും. അതിലൂടെയും നാട്ടിൽ വലിയ വികസനത്തിനുള്ള സാധ്യത തെളിയും.

## ആയുർവേദം.

ആയുർവേദ ഹോസ്പിററലായ ശാന്തിഗിരിയുമായോ, കുറിച്ചിത്താനത്തെ വൈദ്യശാലയുമായോ ചേർന്ന് കർക്കിടക മാസത്തിൽ നാലമ്പല ദർശന പുണ്യത്തിനും ഒപ്പം ചികിത്സയും നടത്താവുന്ന രീതിയിൽ വാഹന-താമസ സൗകര്യങ്ങൾ ഏർപെടുത്തിയാൽ ആനിലയിലും ടൂറിസ്ററുകളെ നാട്ടിലേക്ക് ആകർഷിക്കാൻ സാധിക്കും.

## ജലടൂറിസം.

നാട്ടിലുള്ള കുളങ്ങളിൽ എററവും വലുതായ ചിറയിൽ കുളത്തിൽ ചവുട്ടിതുഴയാവുന്ന ബോട്ട്, അവിടെയുള്ള പുറംമ്പോക്ക് ഭൂമിയിൽ ഒരു മിനി വാട്ടർ തീംപാർക്കിലെ സാഹചര്യങ്ങൾ നിർമ്മിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കാവുന്നതാണ്. കൂടാതെ മററുള്ള കുളങ്ങൾ ശാസ്ത്രീയ മായി ശുചീകരിച്ച് നീന്തൽ കുളങ്ങൾ രൂപീകരിക്കാവുന്നതാണ്.

## ഉപസംഹാരം.

ഇത്തരം കാര്യങ്ങൾ കൂടാതെ ഈ വിഷയത്തിൽ താല്പര്യമുള്ളവർ ചിന്തിച്ചാൻ പഠിച്ചാൽ ഞാനിവിടെ കുറിച്ച ആശയങ്ങളേക്കാൾ വളരെയേറെ ആശയങ്ങൾ കണ്ടെത്താനും അവ ലാഭകരമായി നടപ്പിലാക്കാനും സാധിക്കും. ഇതിന് ഉഴവൂരിലെ പ്രവാസികൾക്കും മുതൽമുടക്കിന് അവസരമുണ്ട് ഇങ്ങനെ മനോഹരമായ പാർക്കോ മറേറാ ഉണ്ടാക്കിയാൽ നിങ്ങളിടെ മാതാപിതാക്കളോ അവരുടെ പക്കൽ നിങ്ങൾ വളർത്താൻ ഏൽപിച്ചിട്ടുപൊയ നിങ്ങളുടെ കുട്ടികൾക്കോ ഇടക്ക് അവിടെ പോയി വൈകുന്നേരങ്ങളോ, അവധിദിനങ്ങളോ ആസ്വദിക്കാവുന്നതാണ്.

ഷാജി കുരുവിള, അമ്പേനാട്ട് ഉഴവൂർ. 9961174948
യൂത്ത് ഫ്രണ്ട്(എം) ഉഴവൂർ മണ്ഡലം പ്രസിഡന്റ്.

(ഉഴവൂരിനുവേണ്ട യഥാർത്ഥ വികസനത്തിൽ പ്രവാസികളുടെ പങ്ക് - ഈ വിഷയത്തിനോട് പ്രതികരിച്ചുകിട്ടിയ പത്താമത്തെ പ്രതികരണം ഉഴവൂർക്കാരുടേയും മററ് അഭ്യുദയകാംക്ഷികളുടേയും സമക്ഷം അവതരിപ്പിക്കുന്നു. ഈ വിഷയത്തിൽ പ്രതികരണങ്ങൾ പ്രസിദ്ധീകരിക്കുന്നതിനാഗ്രഹിക്കുവർ uzhavoorbeatz@gmail.com എന്ന ഇ-മെയിലിലേക്ക് അയച്ചുതരേണ്ടതാണ്.)